# സർവ്വമത സത്യവാദവും ചേകനൂരിസവും

*അബ്ദുൽ മാലിക് മൊറയൂർ*

ഇസ്‌ലാമിന്റെ കപട മുഖംമൂടിയണിഞ്ഞ ചേകനൂരികൾ അല്ലാഹുവിന്റെയും റസൂലിന്റെയും കടുത്ത ശത്രുക്കളാണ് എന്നത് നിരവധി തെളിവുകളിലൂടെ നാം മനസ്സിലാക്കി. ചേകനൂരികൾ ഇസ്‌ലാമിനകത്തോ പുറത്തോ എന്ന കാര്യം സാധാരണക്കാരായ ആളുകൾക്ക് പോലും എളുപ്പത്തിൽ മനസ്സിലാക്കാവുന്ന ചേകനൂരിസത്തിലെ കൊടിയ കുഫ്റാണ് ഇനി നാം പരാമർശിക്കാൻ പോകുന്നത്. ഇസ്‌ലാമിന്റെ ഓരോ പിരിയും അഴിച്ചെടുത്ത് അവസാനം ഇസ്‌ലാമിനെ തന്നെ ഇല്ലാതാക്കാൻ വ്യാമോഹിച്ച ചേകനൂർ മൗലവി തന്റെ ജീവിതാന്ത്യകാലത്ത് ഇറക്കുമതി ചെയ്ത ഒരു വിചിത്ര വാദമായിരുന്നു സർവ്വമത സത്യവാദം. എല്ലാ മതങ്ങളും സത്യമാണെന്ന തന്റെ മനസ്സിൽ ഒളിപ്പിച്ചു വെച്ചിരുന്ന ആ കുഫ്റ് ആദ്യമദ്ദേഹം സമൂഹത്തിൽ നിന്ന് മറച്ച് പിടിക്കാൻ ശ്രമിച്ചെങ്കിലും അവസാനകാലത്ത് അത് പുറത്ത് വരിക തന്നെ ചെയ്തു. തന്റെ ഈ കുഫ്രിയ്യത്ത് വാദം സ്വന്തം ഗവേഷണമായി പരിമിതപ്പെടുത്താതെ അതിനെ ഇസ്‌ലാമിന്റെ സുന്ദരമായ മുഖത്തേക്ക് വലിച്ചിടാൻ ശ്രമിക്കുകയും അതിന് ക്വുർആനിനെ ക്രൂരമായി വളച്ചൊടിക്കുകയും ചെയ്യുന്നതിനാലാണ് ഈ വിഷയം നമുക്ക് പരാമർശിക്കേണ്ടി വരുന്നത്.

എല്ലാ മതങ്ങളും സത്യമാണെന്ന വാദം ഇസ്‌ലാമിനില്ലെന്നും അങ്ങനെ വാദിക്കുന്നവൻ ഇസ്‌ലാമിന് പുറത്താണെന്നുമുള്ള കാര്യം ആമുഖമായി മനസ്സിലാക്കുക. ഇസ്‌ലാം മാത്രമെ ശരിയായ ദീനായി ഭൂലോകത്തുള്ളൂവെന്നാണ് ഒരു മുസ്‌ലിം ഉറച്ചു വിശ്വസിക്കുന്നത്. ഇത് ആരെയെങ്കിലും അലോസരപ്പെടുത്തുന്നുവെങ്കിൽ ക്ഷമിക്കുകയല്ലാതെ നിർവാഹമില്ല. അതിന് തെളിവുകൾ നിരത്താനും നമുക്കാവും. അപ്രകാരം തന്നെയായിരുന്നു സാക്ഷാൽ ചേകനൂരും ആദ്യകാലത്ത് വാദിച്ചിരുന്നത്. ഒരുദാഹരണം കാണുക. അദ്ദേഹം പറയുന്നു.

‘‘ഇസ്‌ലാമിനു വിരുദ്ധമായ ഒറ്റ ആദർശത്തിലും ഇന്നേ വരെ ഞാൻ വിശ്വസിച്ചിട്ടില്ലെന്നും ഇനി വിശ്വസിക്കുകയില്ലെന്നും അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഞാൻ തുറന്നു പ്രഖ്യാപിക്കുന്നു’’ *(നിരീക്ഷണം മാസിക 1969 ജൂൺ)*

പക്ഷെ തന്റെ മനസ്സിനുള്ളിലുള്ള കുഫ്റ് മറച്ചു വെക്കാൻ അധിക കാലം അദ്ദേഹത്തിനു സാധിച്ചില്ല. ഹദീഥ് നിഷേധത്തിന്റെ രൂപത്തിൽ അതിന്റെ ബാഹ്യലക്ഷണങ്ങൾ പുറത്ത് വന്നുകൊണ്ടിരുന്നു. അവസാനമതാ തന്റെയുള്ളിലെ കുഫ്റ് പൂർണ്ണമായും പുറത്ത് ചാടി. അങ്ങനെയാണ് ‘സർവ്വമത സത്യവാദം ക്വുർആനിൽ’ എന്ന ക്ഷുദ്രകൃതി പിറക്കുന്നത്.

ഇസ്‌ലാമിനെ കരിവാരിത്തേച്ച് ഇസ്‌ലാം വിരുദ്ധരുടെ നക്കാപിച്ചയും കയ്യടിയുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇസ്‌ലാമിനെതിരിൽ എന്ത് വിഡ്ഢിത്തങ്ങൾ വിളമ്പിയാലും അതിന് ചീപ്പ് പോപ്പുലാരിറ്റി കിട്ടുന്ന കാലമാണല്ലോ ഇത്. അതൊരു മുസ്‌ലിം പേരുള്ളവനാണെങ്കിൽ പ്രത്യേകിച്ചും. അത് കൊണ്ട് തന്നെ ഇസ്‌ലാമിന്റെ അന്ത്യം സ്വപ്നം കണ്ട് നടന്നിരുന്ന ഫാഷിസ്റ്റ്–ഭൗതിക നിരീശ്വര നിർമത പ്രസ്ഥാനക്കാർക്കൊരു വമ്പൻ കോളായിരുന്നു ഈ ചവറ് കൃതി. പക്ഷെ ഇസ്‌ലാമിനെതിരെ ഏത് ഖോജതമ്പുരാക്കന്മാർ എത്ര ഉറഞ്ഞുതുള്ളിയാലും ഇസ്‌ലാം മതത്തിനൊന്നും സംഭവിക്കില്ല എന്നതിന് ചരിത്രം സാക്ഷിയാണ്. ഈ ക്ഷുദ്രകൃതിയുടെ കാര്യത്തിലും അതുതന്നെ സംഭവിച്ചു.

'സർവ്വമത സത്യവാദം ക്വുർആനിൽ' എന്ന ക്ഷുദ്രകൃതി ഒരു നിരൂപണം നടത്താൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. കാരണം, നിരൂപണത്തിനുള്ള നിലവാരം അതിനില്ല എന്നതുതന്നെ. എങ്കിലും അതിലെ ചില ഉദ്ധരണികൾ വായനക്കാർക്കായി ഇവിടെ ഉദ്ധരിക്കുകയാണ്. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ അനുയായികൾക്കും സംഭവിച്ച കുഫ്‌രിയ്യത്തിന്റെ ആഴം എത്രമാത്രം ഉണ്ടെന്ന് നിങ്ങൾക്കൊന്ന് വിലയിരുത്താമല്ലോ. അദ്ദേഹം പറയുന്നു: ''ഏതൊരു മതക്കാരനും തങ്ങളുടെ മതം മാത്രമാണ് മോക്ഷത്തിന്റെയും വിജയത്തിന്റെയും ഏകമാർഗ്ഗമെന്ന് വിശ്വസിക്കാൻ പാടുള്ളതല്ല'' *(പേജ്. 17)*

വീണ്ടും പറയുന്നു: ''ഇസ്‌ലാം മാത്രമാണ് സത്യമായ ഏകമതമെന്നും ഇതരസമുദായങ്ങളുടെ മതങ്ങളും മതഗ്രന്ഥങ്ങളുമെല്ലാം ഇസ്‌ലാം വന്നതോടെ അസാധുവായിപ്പോയെന്നുമാണ് മുസ്‌ലിംകളുടെ പൊതുവെയുള്ള വിശ്വാസമെന്ന് രേഖപ്പെടുത്തേണ്ടി വന്നതിൽ ഖേദമുണ്ട്. എന്നാൽ പ്രസ്തുത വിശ്വാസം തികച്ചും തെറ്റാണെന്നാണ് ക്വുർആൻ പലതവണ വ്യക്തമാക്കിയിരിക്കുന്നത്'' *(പേജ്. 23)*

നോക്കൂ, ഇസ്‌ലാം വിരുദ്ധരുടെ നക്കാപിച്ചകൾക്കായി ഒരു മനുഷ്യൻ എത്ര അധപതിക്കുമെന്നതിന്റെ തെളിവാണിത്. തീർന്നില്ല. പൈശാചികത വീണ്ടും പുറത്തുവരുന്നത് നോക്കൂ. ''ലോകസമുദായങ്ങളെല്ലാം അവർക്ക് ലഭിച്ച എല്ലാ ദൈവികഗ്രന്ഥങ്ങളും വലിച്ചെറിഞ്ഞുകൊണ്ട് ക്വുർആനിന്റെ മാത്രം അനുയായികളായി മാറണമെന്ന നിർബന്ധം ക്വുർആനിലില്ല. ഇസ്‌ലാമിനുമില്ല'' *(പേജ്. 26)*

ഇതെല്ലാം മറുപടി അർഹിക്കാത്ത വിടുവായത്തങ്ങളായതിനാൽ അത് ഉദ്ധരിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. വീണ്ടും എഴുതുന്നു: ''ദൈവത്തിങ്കൽ സ്വീകാര്യമായ മതം ഇസ്‌ലാം മാത്രമാണെന്ന് പറഞ്ഞതിൽ സകലപ്രവാചകന്മാരുടെയും മതങ്ങൾ പെട്ടിട്ടുണ്ടെന്ന് പഠിക്കൽ നമുക്ക് നിർബന്ധമാണ്. മുഹമ്മദീയ മതം, ക്രിസ്തീയമതം, ജൂതമതം, ഹിന്ദുമതം, ബുദ്ധമതം, ജൈനമതം മുതലായ പേരുകളെല്ലാം പരസ്പരം വേർതിരിച്ചറിയാൻ വേണ്ടി ഓരോ സമുദായങ്ങൾ പറഞ്ഞുണ്ടാക്കിയവ മാത്രമാണ്'' *(പേജ്. 29–30)*

കണ്ടില്ലേ? ലോകത്തുള്ള സർവ്വ മതങ്ങളും ഇസ്‌ലാമാണത്രെ. ഇതിനെന്താണ് പേര് വിളിക്കേണ്ടതെന്ന് വായനക്കാർ തീരുമാനിക്കുക. ഇനി ചേകനൂർ മൗലവി കുഫ്‌റിന്റെ കൊടുമുടി കയറുന്നത് കാണുക. ''ക്വുർആൻമതക്കാർക്കു മാത്രമേ പുണ്യവും മോക്ഷവും ഉള്ളൂവെന്ന് നാമെങ്ങനെയാണ് വാദിക്കുക? ആരുതന്നെ അങ്ങനെ വാദിച്ചിരുന്നാലും അതെല്ലാം ക്വുർആൻ വിരുദ്ധവും വ്യക്തമായ അസംബന്ധവുമാണ്'' *(പേജ്. 30)* സുബ്ഹാനല്ലാഹ്! അയാൾ ഏത് ക്വുർആനാണാവോ പഠിച്ചത്? പിശാച് നൽകിയ വല്ല ഗ്രന്ഥവും ഇവരുടെ കയ്യിലുണ്ടോ? ഏതായാലും മുസ്‌ലിംകളുടെ ക്വുർആനിൽ ചേകനൂർ വാദിച്ചതുപോലെ ഒരു സംഗതിയില്ലതന്നെ. ഇനി എല്ലാ മതങ്ങളും സത്യവും എല്ലാവർക്കും മോക്ഷവുമുണ്ടെങ്കിൽ ലോകത്തൊരു കാഫിറുമുണ്ടാവില്ല. പിശാചല്ലാതെ! അങ്ങനെയെങ്കിൽ പിന്നെ ചേകനൂരികളുടെ പ്രസിഡണ്ടാവുന്നതിന് ബാൽതാക്കറേക്ക് തടസ്സങ്ങളൊന്നുമുണ്ടാവണമെന്നില്ല. സെക്രട്ടറിയായി അദ്വാനിയേയും ക്ഷണിക്കാവുന്നതാണ്. ട്രഷററായി ബുഷിനേയും വിളിക്കാം. എല്ലാവരും നല്ല ഒന്നാം നമ്പർ വിശ്വാസികളാണല്ലോ? വല്ല ചേകനൂരിക്കും ഇനി പെണ്ണുകിട്ടിയില്ലെങ്കിലും ബേജാറൊന്നുമില്ല. കാരണം വലിയ ഏമാൻ തന്നെ പറയട്ടെ. ''ജൂതന്മാരേക്കാൾ സത്യവും നീതിയും മതബോധവുമുള്ള, ജൂതന്മാർ അലങ്കോലപ്പെടുത്തിയ തൗറാത്തിനേക്കാൾ മുന്തിയ വേദഗ്രന്ഥങ്ങളുടെ ഉടമകളായ ഹിന്ദുസമുദായങ്ങളിൽ നിന്ന് മുസ്‌ലിംകൾക്ക് വിവാഹം കഴിക്കാമോ എന്ന് ചോദിക്കേണ്ടതുണ്ടോ?'' *(പേജ് 34)* കണ്ടല്ലോ, ഹിന്ദുവിനേയും കല്യാണം കഴിക്കാം. യാതൊരു തടസ്സവുമില്ല. എന്നാൽ പിന്നെ ഈ സുന്നത്ത് എന്തേ ചേകനൂർ എടുക്കാതെ പോയത്? നേതാവിന് ഈ വിഷയത്തിൽ ഒരു മാതൃകയെങ്കിലും കാണിക്കാമായിരുന്നു. കഷ്ടം!

ഒരു ചേകനൂരി കല്യാണം കഴിച്ച് കുട്ടികൾ വല്ലതും ഉണ്ടായാലും വിഷമിക്കാനില്ല. നേതാവുതന്നെ ചേകനൂരികളെ ആശ്വസിപ്പിക്കുന്നു. ''കാഫിറുകളോ മുശ്‌രിക്കുകളോ ആണെന്ന് തീർത്ത് പറയാ

നാവാത്ത അല്ലെങ്കിൽ ഏകദൈവ വിശ്വാസികളായ ഹിന്ദുകുടുംബങ്ങളിൽ നിന്ന് വിവാഹം ചെയ്താലുണ്ടാകുന്ന കുട്ടികളുടെ കാര്യത്തിൽ മാത്രം ഇവർക്കിത്ര വേവലാതി എന്താണ്?'' *(പേജ്. 39)*

മുസ്‌ലിംകളായ ഞങ്ങൾക്ക് ഒരു വേവലാതിയുമില്ല. നിങ്ങൾ ആരെവേണമെങ്കിലും കെട്ടിക്കോളൂ. പക്ഷെ അത് ഇസ്‌ലാമിന്റെ പേരിൽ വേണ്ട എന്നു മാത്രമേ ഞങ്ങൾ പറഞ്ഞിട്ടുള്ളൂ. സർവ്വ ഹൈന്ദവരും ഏകദൈവ വിശ്വാസികളാണെന്ന് പറയാൻ ഒരു മനുഷ്യന് ധൈര്യം വരണമെങ്കിൽ അയാൾ അബൂലഹബിനേക്കാൾ വലിയ ഇസ്‌ലാം വിരുദ്ധനാവുകതന്നെ വേണം. മുപ്പത്തിമുക്കോടി ദേവകളെ പൂജിക്കുന്ന ഹൈന്ദവരെ ഏകദൈവ വിശ്വാസികളാക്കി ചേകനൂരികൾ പ്രചരിപ്പിക്കുന്ന മതം ഇസ്‌ലാമല്ലെന്നും ചേകനൂരികൾക്ക് ഇസ്‌ലാമുമായി ഒരു നൂൽബന്ധം പോലുമില്ലെന്നും ഇപ്പോൾ മനസ്സിലായല്ലോ.

ചേകനൂരിന്റെ ഈ ക്ഷുദ്രകൃതി പുറത്തു വന്നതോടെ ചേകനൂരിസത്തിന്റെ യഥാർത്ഥമുഖം കേരളീയർ കണ്ടു. പക്ഷെ എട്ടുംപൊട്ടും തിരിയാത്ത ചേകനൂരികളാണ് ഏറെ കൺഫ്യൂഷനിലായത്. കാരണം ഈ സംഗതി അത്രപെട്ടെന്നങ്ങ് ദഹിക്കുന്നില്ല എന്നതുതന്നെ. പക്ഷെ അനുസരണയുള്ള കുഞ്ഞാടുകളുണ്ടോ നേതാവിനെ തള്ളുന്നു? ഉടനെയതാ വരുന്നു ചേകനൂരികളുടെ നെടുനീളൻ ലേഖനങ്ങൾ. ഇസ്‌ലാം മാത്രമല്ല സത്യമതമെന്ന് വാദിക്കാൻ മൽസരിക്കുകയായിരുന്നു ചേകനൂരികൾ. അങ്ങനെ അവനവന്റെ വായിൽ തോന്നിയതെല്ലാം ഇസ്‌ലാമിനെതിരെ വിളിച്ചുകൂവി. ഓരോലൊട്ടുലൊടുക്കു ചേകനൂരിയും തന്നാലാവുന്നത് ചെയ്തുനോക്കി. ഒരു ചേകനൂരി എഴുതുന്നത് നോക്കൂ: ''ഖുർആൻ പറഞ്ഞതുപോലെ ദൈവീക ഗ്രന്ഥങ്ങളൊന്നും– ദൈവീകമായ ഉൽബോധനങ്ങൾ ഒന്നും– അതു ഖുർആനാവട്ടെ ബൈബിളാവട്ടെ ബൈബിൾ പഴയ നിയമമാവട്ടെ സാക്ഷാൽ ഹിന്ദുമതമാവട്ടെ, അല്ലാഹുവിന്റെ ആ ദിക്റുകൾ– ആ ഉൽബോധനങ്ങൾ ഒന്നും നശിക്കാൻ അല്ലാഹു അനുവദിക്കില്ല''. *(ഖുർആൻ ദർശനം. 2002 സെപ്റ്റംബർ പേജ്. 8)*

കണ്ടില്ലേ! ലോകത്തുള്ള സർവ്വമതഗ്രന്ഥങ്ങളും അല്ലാഹു സംരക്ഷിക്കുമെന്നാണ് ഖുർആനിലുള്ളതെന്ന് ഖുർആനിന്റെ പേരിൽ വെള്ളം ചേരാത്ത നുണയാണ് ഈ നുണയൻ തട്ടിവിട്ടത്. അങ്ങനെയൊരായത്ത് ഖുർആനിൽ കാണിക്കാൻ ചേകനൂരികൾക്കോ ചേകനൂരികളുടെ നേതാവായ സാക്ഷാൽ ചെകുത്താനോ കഴിയുമോ? ഇനി മറ്റൊരു കുഞ്ഞാട് ഇതിന് നേരെ എതിരാണ് പറയുന്നത്. അത് കാണുക: ''ബൈബിൾ ഇഞ്ചീലാണോ എന്നതാണ് അവസാനത്തെ ചോദ്യം. ബൈബിൾ ഇഞ്ചീലല്ല എന്നതാണ് ശരിയായ ഉത്തരം!'' *(ഖുർആൻ ട്രൂത്ത് ദർശനം. 2007 ആഗസ്റ്റ്. പേജ്. 13)*

കണ്ടില്ലേ, ഇന്നത്തെ ബൈബിൾ ഈസാനബിക്കുകിട്ടിയ ഇഞ്ചീലല്ല എന്നാണ് ഇയാൾ പറയുന്നത്. അതിനാൽ മുമ്പ് പറഞ്ഞ നുണയന്റെ നുണ പൊളിഞ്ഞല്ലോ? മറ്റൊരു ചേകനൂരി എഴുതുന്നു: ''സാക്ഷാൽ ക്രിസ്തുമതവും ജൂതമതവും ബുദ്ധമതവും സാക്ഷാൽ ഹൈന്ദവ ധർമ്മവും ഖുർആന്റെ ഭാഷയിൽ ഇസ്‌ലാം തന്നെ!'' *(ഖുർആൻ ദർശനം 2002 ആഗസ്റ്റ് പേജ്. 11)*

എല്ലാം ഇസ്‌ലാമാണെങ്കിൽ പിന്നെയെന്തിനാ ചേകനൂരികളേ നിങ്ങളുടെ ആളില്ലാ സംഘടനക്ക് ഖുർആൻ സുന്നത്ത് സൊസൈറ്റി എന്ന് പേരിട്ടത്. ''ഖുർആൻ ബൈബിൾ ഗീത ഋഗ്വേദ ഹിന്ദു മുസ്‌ലിം ക്രിസ്ത്യ ബുദ്ധ ഐക്യ സാമ്പാർ മുന്നണി'' എന്ന പേരിട്ടുകൂടായിരുന്നോ?

എന്നാൽ മറ്റൊരു ചേകനൂരി എഴുതുന്നത് നോക്കൂ: 'മായം കലരാത്ത ഒരു ഒരുവഴി വിശുദ്ധ ഖുർആൻ മാത്രമാണ്' *(ഖുർആൻ ദർശനം. 2003 ഏപ്രിൽ പേജ്. 13)*

ഒരു കുഞ്ഞാട് ഒന്നുപറയും. മറ്റൊരു കുഞ്ഞാട് അതറിയാതെ മറ്റെന്തെങ്കിലും വിളിച്ചുകൂവും. ഇതാണിവരുടെ പൊതുവെയുള്ള അവസ്ഥ.

സർവ്വമത സത്യവാദത്തിന്റെ വിഷയത്തിൽ ചേകനൂരികൾ എഴുതിവിട്ട കുഫ്രിയത്തും വിഡ്ഢിത്തങ്ങളും മുഴുവനായി പരിചയപ്പെടുത്താൻ ഇവിടെ സൗകര്യമില്ലാത്തതിനാൽ, സർവ്വമത സത്യവാദമെന്ന പിശാചിന്റെ മതത്തെ പിന്തുടരുന്ന ചേകനൂരികളോട് മുസ്ലിംകളായ ഞങ്ങൾക്ക് തൽക്കാലം ചില ചോദ്യങ്ങൾ ചോദിക്കാനുണ്ട്. ആത്മാഭിമാനമുള്ള വല്ല ചേകനൂരികളും ജീവിനോടെയുണ്ടെങ്കിൽ– അതില്ല എന്നറിയാം– ഈ ചോദ്യങ്ങൾക്ക് മറുപടി പറയണം:

1) സർവ്വമതങ്ങളും സത്യമാണ് എന്ന് പറയുന്ന ഒരായത്ത് ക്വുർആനിൽ കാണിക്കാമോ?

2) ബൈബിൾ, ഗീത തുടങ്ങിയ ഇതരമതഗ്രന്ഥങ്ങളെ അല്ലാഹു സംരക്ഷിക്കുമെന്ന് ക്വുർആനിലുണ്ട് എന്ന് നിങ്ങൾ എഴുതിയിട്ടുണ്ട്. അങ്ങനെയൊരായത്ത് ക്വുർആനിൽ കാണിക്കുക.

3) ബൈബിൾ അല്ലാഹു സംരക്ഷിക്കുമെന്ന് ഒരിടത്തും, യഥാർത്ഥ ബൈബിൾ ഇന്നില്ല എന്ന് മറ്റൊരിടത്തും നിങ്ങൾ എഴുതിയതിൽ ഏതാണ് ശരി?

4) ഇന്നത്തെ ഹൈന്ദവർ ഏകദൈവ വിശ്വാസികളാണെന്ന് നിങ്ങൾ പറയുന്നു. അത് ഏതായത്തിലാണ് ഉള്ളത്?

5) ഹിന്ദുക്കളെ മുസ്ലിമിന് കല്യാണം കഴിക്കാമെന്നതിന് ഒരായത്ത് കാണിക്കാമോ?

6) ഹിന്ദുധർമ്മം ഇസ്ലാമാണെന്ന് ക്വുർആനിലുണ്ടെന്ന് നിങ്ങൾ എഴുതിയിട്ടുണ്ട്. ആ ആയത്തേതാണ്?

7) കൃഷ്ണനും രാമനും ബുദ്ധനുമൊക്കെ അല്ലാഹുവിന്റെ പ്രവാചകന്മാരാണെന്ന് നിങ്ങൾ എഴുതിയിട്ടുണ്ട്. ഏതായത്തിലാണ് അതുള്ളത്?

8) മറ്റ് മതങ്ങളുടെയും മതഗ്രന്ഥങ്ങളുടെയും സംരക്ഷണവും സുരക്ഷയും മുസ്ലിംകളുടെ കടമയും ബാധ്യതയുമാകുന്നു എന്ന് നിങ്ങൾ എഴുതി. എങ്കിൽ അങ്ങനെയൊരു കടമ മുസ്ലിംകളെ പഠിപ്പിക്കുന്ന ആയത്തെവിടെ?

9) ജൂതമതം ശരിയാണെന്നും സത്യമാണെന്നും വാദിക്കുന്ന നിങ്ങൾക്ക് ജൂതനെന്ന് പറഞ്ഞ് നിങ്ങൾ ആക്ഷേപിക്കുന്ന അബൂഹുറൈറ (ﷺ) നെ ആക്ഷേപിക്കാൻ എന്താണർഹത?

10) ബൈബിൾ അല്ലാഹു കാത്തുസംരക്ഷിക്കും എന്ന് ക്വുർആനിലുണ്ടെന്ന് നിങ്ങൾ എഴുതിയിട്ടുണ്ട്. ആ ആയത്തൊന്ന് കാണിക്കാമോ?

മറുപടിയില്ലെങ്കിൽ ചേകനൂരിസമെന്നത് ചെകുത്താനിസമാണെന്ന് ഇനിയെങ്കിലും അംഗീകരിക്കാൻ തയ്യാറാവുക.